DESPATCHED
On..11/4/22..



5/4/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

**E-mail: sic.ker@nic.in**

**ഹർജി നമ്പർ AP No. 38(1)/2022/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 687/SIC-G4/2022)**

**(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)**

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 ഏപ്രിൽ 5**

ശ്രീ. മുരളി എസ്.,
ജോയിന്റ് സെക്രട്ടറി,
ഇൻഡസ്ട്രീസ് ഡിപ്പാർട്ട്മെന്റ്,
നാലാം നില, റൂം നം.എസ്.ബി.ടി-5, സൗത്ത് ബ്ലോക്ക്,
ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ജൂനിയർ സൂപ്രണ്ട്,
തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത്,
തണ്ണീർമുക്കം പി.ഒ., ആലപ്പുഴ – 688 527.

2) അപ്പീൽ അധികാരി &
പെർഫോർമൻസ് ആഡിറ്റ് സൂപ്പർവൈസർ,
പെർഫോർമൻസ് ആഡിറ്റ് യൂണിറ്റ് -1,
തുറവൂർ സൗത്ത് പി.ഒ., ചേർത്തല.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 25/09/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 12/10/2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 12/11/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 30/11/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 22/12/2021, 11/01/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 12/01/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 20/01/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 01/02/2022 |
| ഹിയറിംഗ് നടന്ന തീയതി | 05/04/2022 -വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. മുരളി എസ്., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത് തണ്ണീർമുക്കം പഞ്ചായത്തിലെ 12-ാം വാർഡിൽ പുതുതായി

നിർമ്മിച്ച റോഡിന്റെ പ്രൊജക്ട് സംബന്ധിച്ച വിവരങ്ങളാണെന്നും ആയതിന് വ്യക്തമായ മറുപടി ലഭിക്കാത്തതിനാൽ ഒന്നാം അപ്പീൽ നൽകിയതിനെ തുടർന്ന് ഹർജിക്കാരന് പൂർണ്ണമായ മറുപടി നൽകാൻ അപ്പീൽ അധികാരി എസ്.പി.ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകിയിട്ടും വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ലെന്നും ആയതിനാൽ ടി റോഡിനുവേണ്ടി തയ്യാറാക്കിയ ആദ്യത്തെ എസ്റ്റിമേറ്റ് സംബന്ധിച്ച എല്ലാ രേഖകളുടെയും പകർപ്പുകൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 25.09.2021-ന് സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

1) തണ്ണീർമുക്കം 12-ാം വാർഡിൽ "ഗോകുലം - അംബേദ്കർ കോളനി" റോഡിന്റെ പ്രോജക്ട് തയ്യാറാക്കിയതാര്, ഏത് വർഷം, എസ്റ്റിമേറ്റ് തയ്യാറാക്കിയത് സംബന്ധിച്ച എല്ലാ രേഖകളുടെയും പകർപ്പ് ലഭ്യമാക്കണമെന്നും
2) മേൽപ്പടി റോഡിന് എത്ര രൂപ ചെലവഴിച്ചു എന്നും ആര് തുക നൽകി എന്നും അന്നത്തെ സെക്രട്ടറിയുടെ പേര്, മേൽവിലാസം ഉൾപ്പെടെ ലഭ്യമാക്കണമെന്നും
3) തുടർന്ന് മേൽപ്പടി റോഡിൽ എത്ര എസ്റ്റിമേറ്റ് തയ്യാറാക്കി എന്നും ആര്, എന്ത് തുക, ടാർ ചെയ്തത് എത്ര മീറ്റർ, റോഡിന്റെ മൊത്തം നീളം തുടങ്ങിയ എല്ലാ രേഖകളുടെയും പകർപ്പും സെക്രട്ടറിയെ സംബന്ധിച്ച മേൽവിലാസം ഉൾപ്പെടെ ലഭ്യമാക്കണമെന്നും മറ്റുമായി 9 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 12.10.2021 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ 12.11.2021 തീയതി സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാന്റെ അപേക്ഷയിലെ 3, 5, 6, 7 എന്നീ ഇനങ്ങളിൽ ആവശ്യപ്പെട്ട എല്ലാ രേഖകളുടെയും പകർപ്പ് ലഭ്യമാക്കണമെന്നാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി 30.11.2021 തീയതി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ടിയാന്റെ അപേക്ഷയിലെ ചോദ്യം 3-ൽ ശ്രീഗോകുലം അംബേദ്കർ കോളനി റോഡ് ടാറിംഗ് വാർഡ് 12 എന്ന പ്രവർത്തിയുടെ ഒറിജിനൽ എസ്റ്റിമേറ്റിന്റെ പകർപ്പും എത്ര എസ്റ്റിമേറ്റ് തയ്യാറാക്കി എന്നതും, ബില്ലുകളുടെ പകർപ്പും ഹർജിക്കാരന് സൗജന്യമായി ലഭ്യമാക്കേണ്ടതാണെന്നും, 5-ാം ഇനത്തിൽ ഹർജിക്കാരൻ മുമ്പ് നൽകിയ പെറ്റീഷൻ അപേക്ഷയിന്മേൽ നടപടി എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ നടപടി രേഖകളോ റിപ്പോർട്ടോ സൗജന്യമായി തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത് എസ്.പി.ഐ.ഒ. നൽകണമെന്നും നടപടി എടുത്തിട്ടില്ലെങ്കിൽ ആയതിന്

ബാധ്യതപ്പെട്ട ഉദ്യോഗസ്ഥന്റെ വിവരങ്ങൾ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിട്ടില്ലാത്തതിനാൽ, ഇപ്രകാരം അധികമായി ആവശ്യപ്പെടുന്ന വിവരങ്ങൾ വിവരാവകാശ നിയമപ്രകാരം അപ്പീലിൽ പരിഗണിക്കുവാൻ കഴിയില്ലെന്നും 6-ാം ഇനം സംബന്ധിച്ച് ഗോകുലം അംബേദ്കർ കോളനി റോഡിന് സമീപം താമസിക്കുന്ന കുടുംബങ്ങൾക്ക് കുടിവെള്ള ലഭ്യമാക്കുന്നത് സംബന്ധിച്ച വിവരം/റിപ്പോർട്ട് ഹർജിക്കാരന് സൗജന്യമായി നൽകുന്നതിന് നിർദ്ദേശം നൽകിയും, ചോദ്യം 7-ലെ ആദ്യ എസ്റ്റിമേറ്റിന്റെ കോപ്പി ഹർജിക്കാരന് സൗജന്യമായി നൽകണമെന്നും മേൽപ്പടി പകർപ്പുകളും വിവരങ്ങളും 10 ദിവസങ്ങൾക്കകം അപ്പീൽ ഹർജിക്കാരന് നൽകേണ്ടതാണെന്ന് എസ്.പി.ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകി അപ്പീൽ തീർപ്പാക്കിയിട്ടുള്ളതാണെന്നുമാണ്.

4. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 28.1.2022 തീയതി സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയിലെ 1, 2, 3, 6, 7, 9 എന്നീ ചോദ്യങ്ങളുടെ മറുപടി തൃപ്തികരമല്ലെന്നാണ് അപ്പീലിൽ ബോധിപ്പിച്ചിരിക്കുന്നതെന്നും ഗോകുലം അംബേദ്കർ കോളനി റോഡ് സംബന്ധിച്ച വിവരങ്ങളാണ് ആവശ്യപ്പെട്ടിരുന്നതെന്നും എന്നാൽ ഏതു വർഷത്തെ പ്രോജക്ട് സംബന്ധിച്ചാണെന്ന് വ്യക്തമാക്കാതിരുന്നതിനാൽ 2019-2020 വർഷം പഞ്ചായത്ത് പ്രോജക്ടിൽ ഉൾപ്പെടുത്തി നടത്തിയ നിർമ്മാണത്തിന്റെ വിവരങ്ങളാണ് നൽകിയതെന്നും എന്നാൽ ടി റോഡ് ആദ്യമായി നിർമ്മിച്ചത് എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതിയിൽ ഉൾപ്പെടുത്തി 2018/19 വർഷത്തിലാണെന്നും ചോദ്യത്തിൽ വ്യക്തത ഇല്ലാതിരുന്നതിനാലാണ് 2019-20 വർഷത്തെ വിവരങ്ങൾ നൽകിയതെന്നും 2018-19 വർഷങ്ങളിലെ പദ്ധതിയുടെ വിവരങ്ങൾ ഹർജിക്കാരന് നൽകാമെന്നും അപേക്ഷകന്റെ ചോദ്യങ്ങളിലെ അവ്യക്തത മൂലമാണ് ആദ്യം നൽകിയ മറുപടിയിൽ ചില പോരായ്മകൾ ഉണ്ടായിട്ടുള്ളതാണെന്നും ബോധപൂർവ്വം വിവരങ്ങൾ മറച്ചു വെയ്ക്കുവാൻ യാതൊരു ഉദ്ദേശ്യവുമില്ലെന്നും ഹർജിക്കാരന് തൃപ്തികരമായ വിധത്തിൽ മറുപടി നൽകുമെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഗോകുലം - അംബേദ്കർ കോളനി റോഡിന്റെ 2018-19 വർഷത്തിലുള്ള നിർമ്മാണവുമായി ബന്ധപ്പെട്ട വിവരമാണ് ഹർജിക്കാരന് ആവശ്യമെന്ന് അപേക്ഷയിൽ വ്യക്തമാക്കിയിട്ടില്ലാതിരുന്നതിനാലാണ് 2019-20 വർഷം പഞ്ചായത്ത് പ്രൊജക്ടിൽ ഉൾപ്പെടുത്തി നടത്തിയ ടി റോഡിന്റെ നിർമ്മാണത്തിന്റെ വിവരം നൽകാൻ ഇടയായതെന്നും ടി വീഴ്ച മന:പൂർവ്വമായിരുന്നില്ലെന്നും കമ്മീഷന് ബോധ്യമാകുന്നു. ആയതിനാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട

2018–19 –ലെ വിവരം 20.4.2022–നകം ഹർജിക്കാരന് സൗജന്യമായി നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ഏപ്രിൽ 5–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

us